## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:1700** 14/08/2017 ൽ

**മറുപടിനൽകേണ്ടിയിരുന്നത്**

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. കെ. ബഷീർ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) ഈ സർക്കാർ അധികാരമേറ്റ് നാളിതുവരെയായി എത്ര പേർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി അപേക്ഷ നൽകിയെന്ന് അറിയിക്കുമോ; ഇതിൽ എത്ര പേർക്ക് ധനസഹായം നൽകി; അവരുടെ പേരു വിവരം, തുക എന്നീ വിശദാംശങ്ങൾ നൽകുമോ | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 155870 പേർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി അപേക്ഷ നൽകി. ഇതിൽ 108521 പേർക്ക് ധനസഹായം നൽകി. ധനസഹായം സ്വീകരിച്ചവരുടെ പേരു വിവരവും തുകയും നൽകുന്നത് പ്രായോഗികമല്ല. |
| (ബി) അപേക്ഷിച്ച എത്ര ആളുകൾക്ക് തുക അനുവദിക്കാനുണ്ടെന്ന് വിശദമാക്കുമോ; ശേഷിക്കുന്ന ആളുകൾക്ക് അടിയന്തിരമായി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) അപേക്ഷിച്ചതിൽ 21124 ആളുകൾക്ക് തുക അനുവദിക്കാനുണ്ട്. ജില്ലാ കളക്ടർമാരുടെ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വേഗത്തിൽ സഹായം ലഭിക്കുവാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കുമോ; പുതിയ നടപടികൾ മൂലം ദുരിതാശ്വാസം അനുവദിക്കുന്ന നടപടിക്രമങ്ങൾ അനന്തമായി നീളുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വ്യക്തമാക്കുമോ; | (സി) & (ഡി) ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺ ലൈൻ സംവിധാനം ഏർ പ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഫണ്ട് ജില്ലാ കളക്ടർക്ക് നൽകുന്നതിനു പകരമായി താലൂക്ക് അടിസ്ഥാനത്തിൽ സ്പെഷ്യൽ ടി.എസ്.ബി അക്കൌണ്ടിലേയ്ക്ക് അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ധന സഹായവിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽ നിന്നും നൽകി വരുന്നു. അനുവദിക്കുന്ന തുക അടിയന്തിരമായി വിതരണം ചെയ്യുന്നതിന് കർശന നിർ ദ്ദേശം നൽകിയിട്ടുണ്ട് |
| ഡി) കാൻസർ രോഗികൾ, വൃക്കരോഗികൾ മറ്റ് മാരകമായ രോഗങ്ങൾ എന്നിവ ബാധിച്ച അപേക്ഷകർക്ക് വേഗത്തിൽ സഹായം ലഭ്യമാക്കുവാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | |

**സെക്ഷൻ ഓഫീസർ**